LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത സ്ഥാപനത്തിൽ നാടൻ കലകളുമായി ബന്ധപ്പെട്ട് എന്തൊക്കെ കർമ്മപരിപാടികൾക്കാണ് ലക്ഷ്യമിട്ടിരുന്നതെന്നും ഏതെങ്കിലും പ്രവർത്തനങ്ങൾ ഇതിനോടകം ആരംഭിക്കാൻ സാധിച്ചിട്ടുണ്ടോയെന്നും അറിയിക്കുമോ?

ആദ്യഘട്ടത്തിൽ നാടൻ കലകളായ മുടിയേറ്റ്, പടയണി, കുത്തിയോട്ടം, നാടൻപാട്ട് തുടങ്ങിയ കലാരൂപങ്ങളിൽ പരിശീലനം നൽകുവാൻ ലക്ഷ്യമിടുന്നു. ഇതിന്റെ പ്രവർത്തനം 2021 നവംബർ മധ്യത്തോടെ ആരംഭിക്കുവാനുള്ള നടപടി ഫോക് ലോർ അക്കാദമി സ്വീകരിച്ചുവരുന്നു. ഭാവിയിൽ ദ്വൈമാസ കലാവതരണങ്ങളും സെമിനാറുകളും സംഘടിപ്പിക്കാൻ അക്കാദമി ഉദ്ദേശിക്കുന്നുണ്ട്.

(സി) ഈ സ്ഥാപനത്തിന്റെ ഭരണ ചുമതല ആർക്കാണെന്നും ജീവനക്കാരുടെ നിയമനത്തിന് നടപടികളായിട്ടുണ്ടോയെന്നും എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

സ്ഥാപനത്തിന്റെ ഭരണ ചുമതല സാംസ്കാരിക വകുപ്പിന് കീഴിലുള്ള ഫോക് ലോർ അക്കാദമിക്കാണ്. ജീവനക്കാരെ അനുവദിക്കുന്നതിനുള്ള ഫോക് ലോർ അക്കാദമിയുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരികയാണ്.

കവയത്രിയായ മേരി ബെനിഞ്ഞയുടെ പേരിലുള്ള സാഹിത്യ അവാർഡ്

363 (1109) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാളത്തിലെ കവയത്രിയായ മേരി ബെനിഞ്ഞയുടെ പേരിലുള്ള സാഹിത്യ അവാർഡ് നൽകുന്നത് സർക്കാർ ഏറ്റെടുക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ബെനിഞ്ഞ ഫൗണ്ടേഷൻ നിവേദനം സമർപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) അടുത്ത വർഷം മുതൽ അവാർഡ് നൽകുന്ന ഉത്തരവാദിത്തം സർക്കാർ ഏറ്റെടുക്കുന്നതിന് തയ്യാറാകുമോ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കാമോ?

(എ-സി) പ്രശസ്ത കവയത്രിയായ മേരി ബെനിഞ്ഞയുടെ പേരിലുള്ള സാഹിത്യ അവാർഡ് സർക്കാർ ഏറ്റെടുക്കണമെന്നാവശ്യപ്പെട്ട് ബെനിഞ്ഞ ഫൗണ്ടേഷൻ സമർപ്പിച്ച നിവേദനം പരിശോധിച്ചു വരുന്നു.